"ഭരണഭാഷ-മാതൃഭാഷ"

നമ്പർ: **KTDS/1288/2025-C**

ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്
കോഴിക്കോട്- **673 017**
ഫോൺ നമ്പർ: **0495 2356805**
ഇ-മെയിൽ: **kirtads@gmail.com**
kirtads@kerala.gov.in
തീയ്യതി: **06-08-2025**

താൽപ്പര്യപത്രം

വകുപ്പിന്റെ പേര് : ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്

ഫോൺ നമ്പർ: **0495 2356805**

ഇ-മെയിൽ: **kirtads@gmail.com**

കിർടാഡ്സ് വകുപ്പ് **2025** ആഗസ്റ്റ് **29** മുതൽ സെപ്തംബർ **04** വരെ എറണാകുളം പട്ടണത്തിൽവെച്ച് നടത്തുന്ന "ഗദ്ദിക **2025**" പരിപാടിയിൽ ഗോത്ര സമുദായങ്ങളുടെ പാരമ്പര്യ വീട്, ഏറുമാടം, വകുപ്പ് സ്റ്റാളുകളുടെ മോടികൂട്ടൽ (ആവശ്യമെങ്കിൽ) എന്നിവ നിർമ്മിക്കുന്നതിലേക്ക് പ്രസ്തുത മേഖലയിൽ പ്രാവീണ്യമുള്ള **പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ട ആളുകളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ** താൽപര്യപത്രം ക്ഷണിക്കുന്നു.

1. "ഗദ്ദിക **2025**" നടക്കുന്ന എറണാകുളം കലൂർ ഇൻറർനാഷണൽ സ്റ്റേഡിയത്തിനോട് ചേർന്നുള്ള ഗ്രൗണ്ടിലാണ് ഏറുമാടവും, ഗോത്രപാരമ്പര്യ വീടുകളും ഒരുക്കേണ്ടത്.
2. വകുപ്പ് നിലവിൽ നിർമ്മിച്ചിട്ടുള്ള ഏറുമാടത്തിന്റെ ചട്ടക്കൂട് പരിപാടി സ്ഥലത്ത് സ്ഥാപിക്കുകയും ആയത് പാരമ്പര്യ തനിമ നിലനിർത്തി മോടിപിടിപ്പിക്കുകയും ചെയ്യണം.
3. പാരമ്പര്യവീടിന്റെ മാതൃക ഗോത്രവർഗ്ഗ പാരമ്പര്യ തനിമ നിലനിർത്തിയാണ് നിർമ്മിക്കേണ്ടത്.
4. നിർമ്മിക്കേണ്ട പാരമ്പര്യ വീടുകളുടെ മാതൃക സംബന്ധിച്ച വിവരങ്ങൾ

Generated from eOffice by GULSAN V P, JS KIRTADS, JS KIRTADS, KERALA INSTITUTE FOR RESARCH TRAINING AND DEVELOPMENT STUDIES on 07/08/2025 02:48 PM

താഴെ ചേർക്കുന്നു.

1). കുറിച്യമിറ്റം - **(600 Square Feet)**

2). പണിയ പാരമ്പര്യ വീട് - **(250 Square Feet)**

3). കാട്ടുനായ്ക്ക പാരമ്പര്യ വീട് - **(250 Square Feet)**

5. പാരമ്പര്യമായി വീട് നിർമ്മിക്കുന്ന സാധന സാമഗ്രികളായ മുള, വൈക്കോൽ, ചെളി എന്നിവ ഉപയോഗിച്ച്കൊണ്ട് വേണം പാരമ്പര്യ വീടിന്റെ മാതൃക തയ്യാറാക്കേണ്ടത്.
6. പാരമ്പര്യമായി നിർമ്മിക്കുന്ന മാതൃകയിൽ തന്നെയാണ് ഏറുമാടവും പാരമ്പര്യ വീടും സജ്ജീകരിക്കേണ്ടത്.
7. നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ, മുഴുവനായും സ്വന്തം ചിലവിൽ കൊണ്ട് വരേണ്ടതാണ്.
8. പ്രവൃത്തി ചെയ്യുന്നതിനുള്ള തുക മുഴുവനായും പരിപാടി കഴിഞ്ഞതിനു ശേഷം മാത്രം ബാങ്ക് അക്കൗണ്ട് മുഖേനയാണ് അനുവദിക്കുകയുള്ളൂ. മുൻകൂർ തുക അനുവദിക്കുന്നതല്ല.
9. പാരമ്പര്യ വീടിന്റെയും ഏറുമാടത്തിന്റെയും നിർമ്മാണം **27/08/2025** നകം തീർക്കേണ്ടതാണ്.
10. വകുപ്പ് നിർമ്മിക്കുന്ന മ്യൂസിയം പവലിയൻ, മരുന്നാവിക്കുളി, വൈദ്യം എന്നീ സ്റ്റാളുകൾ മോടികൂട്ടുന്നതിന് ചുമതലപ്പെടുത്തുന്ന പക്ഷം പുല്ല്, വൈക്കോൽ എന്നിവ ഉപയോഗിച്ച് ഒരുക്കുന്നതിന് വരുന്ന തുക പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.
11. താൽപ്പര്യപത്രം **13/08/2025** ന് വൈകുന്നേരം **5.00** മണിക്കുള്ളിൽ ഈ വകുപ്പിൽ "ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്, പി.ഒ ചേവായൂർ, കോഴിക്കോട് - **673017**" എന്ന വിലാസത്തിൽ തപാൽ മുഖേനയോ "**kirtads@gmail.com**" എന്ന ഇ-മെയിൽ വിലാസത്തിലോ ലഭിക്കേണ്ടതാണ്.
12. താൽപര്യപത്രത്തിനോടൊപ്പം പാൻ കാർഡ്, ജാതി സർട്ടിഫിക്കറ്റ് കൂടാതെ ഫോട്ടോ പതിച്ച ഏതെങ്കിലും തിരിച്ചറിയൽ രേഖയും സമർപ്പിക്കേണ്ടതാണ്.
13. അപേക്ഷകർ പേര്, സമുദായം, യോഗ്യതകൾ, പ്രവൃത്തി പരിചയം എന്നിവ കാണിച്ചുകൊണ്ടുള്ള ഫോട്ടോപതിച്ച ബയോഡാറ്റ, ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം താൽപ്പര്യപത്രം

Generated from eOffice by GULSAN V P, JS KIRTADS, JS KIRTADS, KERALA INSTITUTE FOR RESARCH TRAINING AND DEVELOPMENT STUDIES on 07/08/2025 02:48 PM

സമർപ്പിക്കേണ്ടതാണ്.

14. നിർമ്മാണം പ്രവൃത്തിയുടെ ബിൽ തുകയിൽ നിന്നും ഇൻകം ടാക്സ്, ജി.എസ്.ടി എന്നിവയുടെ ടി.ഡി.എസ് കിഴിവ് വരുത്തുന്നതാണ്.

ഡയറക്ടർ

1. കിർടാഡ്സ് വെബ്സൈറ്റിൽ പ്രദർശിപ്പിക്കുന്നതിന്.
2. നോട്ടീസ് ബോർഡ്.
3. കലക്ടറേറ്റ് കോഴിക്കോട് (നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന്).
4. താലൂക്ക് ഓഫീസ് കോഴിക്കോട് (നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന്).
5. ആഫീസ് പകർപ്പ്

File No. KTDS/1288/2025-C (Computer No. 235655)

Generated from eOffice by GULSAN V P, JS KIRTADS, JS KIRTADS, KERALA INSTITUTE FOR RESARCH TRAINING AND DEVELOPMENT STUDIES on 07/08/2025 02:48 PM